## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2333 | 08/12/2015 ൽ മറുപടിയ്ക്ക് |

## ഖാദി-ഗ്രാമ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എ.റ്റിജോർജ്<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവസായവും<br>( വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | (എ) ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) ഖാദി മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. ആധുനീക വല്ക്കരണത്തിന്റെ ഭാഗമായി ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ നടപ്പിലാക്കുവാനായി 1521 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി തൊഴിലാളികൾക്ക് വേതന പൂരക പദ്ധതിയുടെ സഹായത്തോടെ മിനിമം വേതനം നടപ്പിലാക്കി വരുന്നു. ഖാദി നൂൽപുകാർക്കും നെയ്ത്തുകാർക്കും ഉലാപദന പ്രോത്സാഹനവും ഉത്സവബത്തയും നൽകുന്നു. ഉല്പാദന പ്രോത്സാഹനം 2014-15 മുതൽ 100% വർദ്ധനവ് നൽകി പരിഷ്കരിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ സംഘങ്ങളുടേയും സ്ഥാപനങ്ങളുടേയും പുനരുദ്ധാരണത്തിനായി തുക നൽകി വരുന്നു. ഖാദി തൊഴിലാളികളുടെ പരിശീലനത്തിനും വൈദഗ്ധ്യ വർദ്ധനവിനമായി തുക അനുവദിക്കുന്നുണ്ട്.<br>ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തൊഴിൽദാന |

| | | | |
|---|---|---|---|
| | | | പദ്ധതി (എന്റെ ഗ്രാമം പദ്ധതി) കഴിഞ്ഞ 5 വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP) നടപ്പിലാക്കി വരുന്നു. തേനീച്ച വളർത്തൽ പദ്ധതി പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ട്. ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് വേണ്ടി ഖാദി ഗ്രാമ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ വഴി ഗ്രാമീണ മേഖലയിൽ ഖാദി ഗ്രാമ വ്യവസായങ്ങൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. |
| (സി) | പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക യഥാസമയം ഫലപ്രദമായി വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ